# FIRST YEAR YEAR HIGHER SECONDARY EXAMINATION
## PART - II
## MALAYALAM

TIME :2.30 Hrs

**Maximum : 80 Scores**

Cool off Time : 15minutes

---

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർവീതം** **(5×2=10)**

1. "ജീവിതം പോലെയീ പകൽവെളിച്ചം പൊലിഞ്ഞുപോകുന്നതും" ഇവിടെ പ്രകടമാകുന്നത് എന്ത്?

   (പ്രതീക്ഷ, നിരാശ, നിസ്സഹായത, സ്നേഹം)

2. സന്ദർശനത്തിൽ പ്രണയഭാവത്തെ ആവിഷ്കരിക്കുന്ന പ്രയോഗങ്ങൾ തിരഞ്ഞെടുത്തെഴുതുക.

   (പൊൻചെമ്പകം പൂത്ത കരൾ, മരണവേഗത്തിലോടുന്ന വണ്ടികൾ, കൃഷ്ണകാന്തം കൊണ്ട് പൂത്ത ചില്ലകൾ, നഗരവീഥികൾ)

3. ഡോക്യുമെന്ററി സിനിമകളുടെ പ്രധാന സവിശേഷതകൾ എഴുതുക.

   (കഥാപാത്രങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല, സാങ്കൽപിക രംഗങ്ങൾ ചിത്രീകരിക്കുന്നു, പാട്ടിനും നൃത്തത്തിനും പ്രാധാന്യം നൽകുന്നു, യഥാർത്ഥ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.)

4. 'വാക്കുകളുടെ നൃത്തമാണ് കവിത' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

   (പദക്കസർത്ത് മാത്രമാണ്, അർഥവത്തായ വാക്കുകളുടെ നൃത്തമാണ്, പറയാനുള്ളത് നേരെ ചൊവ്വേ പറയലാണ്, അവ്യവസ്ഥിതത്വം ഉണ്ട്)

5. 'മുഹ്യുദ്ദീൻമാല' എന്ന കൃതിക്ക് യോജിക്കുന്ന പ്രസ്താവന ഏതൊക്കെ?

   (അറബി മലയാളസാഹിത്യത്തിലെ ആദ്യകൃതി, അബ്ദുൾഖാദർ ജീലാനിയുടെ രചനയാണ്, കാലം കൃത്യമായി രേഖപ്പെടുത്തിയ കൃതി, അറബിഭാഷയിലെഴുതിയ കൃതി)

6. "മഴക്കാറ് കാണുമ്പോഴൊക്കെ അനുരാഗം ഉണ്ടാവുകയാണെങ്കിൽ നമുക്ക് മറ്റൊന്നിനും നേരമുണ്ടാകില്ല." ഏത് കൃതിയുടെ പശ്ചാത്തലത്തിലാണ് എം.എൻ. വിജയൻ ഇങ്ങനെ അഭിപ്രായപ്പെട്ടത്?

   (അന്വേഷണം, മാമ്പഴം, സഹ്യന്റെ മകൻ, മേഘസന്ദേശം)

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം** **(3×2=6)**

7. ഇലകളുടെ അടരുകളെക്കുറിച്ച് ലേഖനത്തിലുള്ള (വേരുകൾ നഷ്ടപ്പെടുത്തുന്നവർ) സൂചനകളെന്തെല്ലാമാണ്?

8. ആൾക്കൂട്ടം സൈക്കിൾ മോഷ്ടാക്കളിലെ പ്രധാനകഥാപാത്രമാണ്. ഇതിനെ സാധൂകരിക്കുന്ന രണ്ട് ദൃശ്യങ്ങൾ എഴുതുക.

9. 'കൈപ്പാട്' മുന്നോട്ടുവെക്കുന്ന പ്രധാന ആശയങ്ങൾ എന്തൊക്കെയാണ്?

10. 'സംക്രമണ'ത്തിൽ സ്ത്രീ ജീവിതാവസ്ഥയെ വിശദീകരിക്കുവാൻ കവി ഉപയോഗിക്കുന്ന പദങ്ങൾ ഏതൊക്കെ?

**11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം** **(6×4=24)**

11. 'സന്ദർശന'ത്തിലെ പ്രണയിതാവിന്റെ ഭൂതകാലം ഇരുണ്ടതായിരുന്നു എന്ന സൂചനകൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

12. 'അരുത് ചൊല്ലുവാൻ നന്ദി

കരിച്ചിലിൻ അഴിമുഖം നമ്മൾ കാണാതിരിക്കുക.' (സന്ദർശനം - ബാലചന്ദ്രൻ ചുള്ളിക്കാട്.)

പാടുക സർവ്വാത്മനാ ജീവിതത്തിനെ സ്നേഹി -

ച്ചീടുവാൻ പഠിച്ചൊരീ നമ്മുടെ ചിത്താമോദം -

(ഊഞ്ഞാലിൽ - വൈലോപ്പിള്ളി)

ഈ വരികളിൽ തെളിയുന്ന ആശയങ്ങൾ താരതമ്യം ചെയ്യുക

13. "കേൾക്കുന്നുണ്ടോ?" എന്ന ഹ്രസ്വ ചിത്രത്തിൽ ശബ്ദങ്ങളുടെ സാധ്യത എത്രമാത്രം പ്രയോജനപ്പെടുത്തുന്നു? സന്ദർഭങ്ങൾ ഉദാഹരിക്കുക.

14. 'അരുളുള്ളവനാണ് ജീവി' എന്നു പറയുന്നതിന്റെ പൊരുളെന്ത്?

15. 'സൈക്കിൾ മോഷ്ടാക്കൾ' എന്ന ചലച്ചിത്രത്തിന്റെ പ്രധാന സവിശേഷതകൾ കണ്ടെത്തുക.

16. "ഒരേ സമയത്തു കരയുകയും ചിരിക്കുകയും ചെയ്യുന്ന ഭാരതമാതാവിനെപ്പോലെ ഉജ്ജ്വലയും ഗംഭീരവദനയുമായിരുന്നു ആ യുവതി." ലാത്തിയും വെടിയുണ്ടയും എന്ന പാഠത്തിലെ ഈ വാക്യത്തിന്റെ അർഥസാധ്യതകൾ വിശദീകരിക്കുക.

17. അമളി ഹാസ്യത്തിന് കാരണമാകുന്നുണ്ടോ? വാസനാവികൃതി എന്ന കഥയെ ആസ്പദമാക്കി വിലയിരുത്തുക.

**18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം** **(3×6=18)**

18. ജനപ്രിയസിനിമകളുടെ പൊതുസ്വഭാവങ്ങൾ സമകാലിക സിനിമകളെ മുൻനിർത്തി അപഗ്രഥിക്കുക.

19. 'മഴുകൊണ്ടുണ്ടായുള്ളൊരു നാടിത്

മഴുകൊണ്ടില്ലാതാകുന്നു' - ഈ വരികളുടെ സമകാലിക പ്രസക്തി 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്നതിലെ ആശയവുമായി ബന്ധപ്പെടുത്തി വിലയിരുത്തുക.

20. പെറ്റമ്മ, പോറ്റമ്മ എന്ന വേർതിരിവിനെ അപ്രസക്തമാക്കുന്ന നിലപാടാണ് കൃഷ്ണന്റേത്. മാതൃത്വത്തെ മഹത്തരമാക്കുന്ന എന്തെല്ലാം സൂചനകളാണ് 'പീലിക്കണ്ണു'കളിലുള്ളത്?

21. 'അപ്പുവും മധുവും ഇവരോട് ചേരാതിരിക്കുവാൻ വേണ്ടി എത്ര ശ്രമപ്പെട്ടാണ് നാട്ടിലേക്ക് അയച്ചതെന്ന് അവരോർത്തു.' - സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാതെ മാറിനിൽക്കുന്ന തങ്കം നായരുടെ നിലപാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ലാത്തിയും വെടിയുണ്ടയും എന്ന പാഠത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

**താഴെകൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 2 സ്കോർ വീതം** **(3×2=6)**

നമുക്ക് നേരിടേണ്ടിവരുന്ന ഏറ്റവും വലിയ ഭീഷണി അന്തരീക്ഷ മലിനീകരണമാണ്. കോടിക്കണക്കിന് വാഹനങ്ങളിൽ നിന്നു ടൺകണക്കിന് കിലോഗ്രാം വാതകങ്ങൾ അനുദിനം അന്തരീക്ഷത്തിൽ നിറയുന്നു. ഫാക്ടറികളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ മറ്റൊരു വലിയ ഭീഷണിയാണ്. ജനനനിരക്ക് വർദ്ധിക്കുന്നതുമൂലം വളരെയധികം ആവശ്യങ്ങൾ മനുഷ്യസമൂഹത്തിനുണ്ടാകുന്നു. ഇത് ഉത്പാദനത്തിന് ആക്കം കൂട്ടുന്നു. സുഖസൗകര്യങ്ങളെ ഏറെ മോഹിക്കുന്ന മനുഷ്യന് മറ്റ് ജീവജാലങ്ങളുടെ കാര്യത്തിൽ ഒട്ടുംതന്നെ ശ്രദ്ധയുള്ളതായി കാണുന്നില്ല. പാരമ്പര്യ ഊർജ്ജ സ്രോതസുകൾ മനുഷ്യന് ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുമ്പോൾ അവ അപ്പാടെ ഊറ്റിയെടുത്ത് ദുർവിനിയോഗം ചെയ്യുന്നതിലൂടെയും അന്തരീക്ഷമലിനീകരണം ഉണ്ടാകുന്നു. (മലിനീകരണം - സുരേഷ് മണ്ണാറശാല)

22. പാരമ്പര്യ ഊർജ്ജസ്രോതസുകളെ ദുർവിനിയോഗം ചെയ്യാതിരിക്കാൻ എന്തൊക്കെ ചെയ്യാം?

23. മനുഷ്യന് നേരിടേണ്ടിവരുന്ന ഏറ്റവും വലിയ ഭീഷണി എന്താണ്?

24. മനുഷ്യന്റെ മറ്റു ജീവജാലങ്ങളോടുള്ള മനോഭാവം എന്താണ്?

**25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം** **(2×8=16)**

25. "തന്റെ ജനം ഇരുളിനെ കീറിമുറിച്ച് ഉയർന്നു പറക്കുന്ന സ്വപ്നമായിരുന്നു അവന്റെ മനസ്സുനിറയെ" – ജോനാഥൻ ലിവിങ്സ്റ്റൺ

'മണൽത്തരിയോളം പോന്നൊരു മത്സ്യം കടൽത്തിരയോട് ഒറ്റയ്ക്ക് പൊരുതി നിന്നു.' – മത്സ്യം – ടി.പി. രാജീവൻ

സ്വാതന്ത്ര്യം എന്ന ആശയം ജോനാഥൻ ലിവിങ്സ്റ്റൺ എന്ന കടൽക്കാക്ക, മത്സ്യം എന്നീ രചനകളിൽ ഏതെല്ലാം വിധത്തിലാണ് തെളിഞ്ഞുനിൽക്കുന്നത് – താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

26. "പുറപ്പെട്ടേടത്താണൊരായിരം കാതമവൾ നടന്നിട്ടും.' ആറ്റൂർ രവിവർമ്മയുടെ ഈ വരികൾ ഓർമ്മയുടെ ഞരമ്പിലെ വൃദ്ധയുടെ ജീവിതവുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക.

27. കുടുംബബന്ധത്തിന്റെ ഊഷ്മളതയാണ് 'ഊഞ്ഞാലിൽ' ആവിഷ്കരിച്ചിരിക്കുന്നത്. വിശദമാക്കുക.

തയ്യാറാക്കിയവർ

തുഷാര, എസ്എസ് എച്ച് എസ് എസ് ഷേണി

ദിവ്യ സി, ജി എച്ച് എസ് എസ് പാണ്ടി

മിനി പി ജെ, ടി ഐ എച്ച് എസ് എസ് നായമ്മാർമൂല

ശ്രീജിത്ത് പി ജി, ജി എച്ച് എസ് എസ് മുള്ളേരിയ

മുഹമ്മദ് ഷാഫി ടി കെ, ജി എച്ച് എസ് എസ് ഉപ്പള

ഷീജ എസ് വി, ജി എം ആർ എച്ച് എസ് എസ് പരവനടുക്കം

മല്ലിക കെ വി, ജി എച്ച് എസ് എസ് കുണ്ടംകുഴി

പ്രിയ, ജി എച്ച് എസ് എസ് തളങ്കര

ഡോ കെ വി സഞ്ജീവൻ (ഡി ആർ ജി കാസറഗോഡ്)

ഡോ ബി എസ് ബിനു(ഡി ആർ ജി കാസറഗോഡ്)